പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 2404

12/06/2018 ൽ
മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം

ചോദ്യം
ശ്രീ.എസ്.ശർമ്മ
ശ്രീ.വി. കെ. സി. മമ്മത് കോയ
ശ്രീ.എം. നൗഷാദ്
ശ്രീ.കെ. ദാസൻ

മറുപടി
ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)

എ) മുൻ സർക്കാരിന്റെ കാലത്ത് വൻനഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ 2017-18 വർഷം 107 കോടിയോളം രൂപ ലാഭത്തിലാക്കാൻ സാധ്യമാകും വിധം നടത്തിയ ഇടപെടൽ വിശദമാക്കാമോ;

ബി) ഇപ്പോഴും നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ കൂടി ലാഭത്തിലാക്കാൻ നടപ്പാക്കാനുദ്ദേശിക്കുന്ന പുന:സംഘടനാ-പുനരുദ്ധാരണ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

എ) & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം വിശദമായി വിശകലനം ചെയ്ത് അനുയോജ്യമായ നവീകരണ വിപുലീകരണ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചുവരുന്നത്. ചെലവു കുറഞ്ഞതും നൂതനവുമായ സാങ്കേതിക വിദ്യകൾ നടപ്പിലാക്കി ഉല്പാദന സംവിധാനങ്ങളിൽ കാലോചിതമായ നവീകരണ പ്രക്രിയകൾ കൊണ്ടുവന്നും, വിപണന സംവിധാനങ്ങൾ ആവിഷ്കരിച്ചും സ്ഥാപനങ്ങളെ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

അതാത് മേഖലകളിൽ വൈദഗ്ധ്യമുള്ളവരെ സുതാര്യമായ രീതിയിൽ മാനേജിംഗ് ഡയറക്ടർമാരായി നിയമിച്ചും, കമ്പനികളുടെ ഡയറക്ടർ ബോർഡുകളിൽ സാങ്കേതിക രംഗത്തും മാനേജ്മെന്റ് രംഗത്തും വിദഗ്ധരായവരുടെ സേവനം ലഭ്യമാക്കിയും കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ പുനരുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ ശക്തിപ്പെടുത്തൽ, എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്. ഇതിനായി അതാത് മേഖലകളിലുള്ള വിദഗ്ധരുൾപ്പെട്ട കമ്മിറ്റികളുടെ

സേവനവും ലഭ്യമാക്കിവരുന്നു.

കൃത്യതയോടെയുള്ള പ്രവർത്തന അവലോകനത്തിന്റെ ഫലമായി വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനും അതുവഴി ലാഭം വർദ്ധിപ്പിച്ച് നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും സാധിച്ചു. കൂടാതെ സ്ഥാപനങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നവീകരണ വിപുലീകരണ പദ്ധതികൾ പൂർത്തീകരിക്കുന്നതോടെ സ്ഥാപനങ്ങൾക്ക് സ്ഥിരതയാർന്ന പ്രവർത്തനം കാഴ്ചവയ്ക്കുവാൻ സാധിക്കുമെന്നാണ് കണക്കാക്കുന്നത്. സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾക്കും അത്യാവശ്യമുള്ള പ്രവർത്തന മൂലധന സഹായത്തിനും കൂടുതൽ ബഡ്ജറ്റ് വിഹിതം അനുവദിക്കുക വഴി പദ്ധതി പ്രവർത്തനങ്ങൾ കാലതാമസം കൂടാതെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതം ഓരോ വർഷവും വർദ്ധിപ്പിച്ചു നൽകി വരുന്നു.

ടെക്സ്റ്റൈൽ മേഖലയിലെ സ്ഥാപനങ്ങൾക്കുള്ള സമഗ്രമായ പുനരുദ്ധാരണ പദ്ധതി തയ്യാറാക്കുന്നതിനായി രൂപീകരിച്ച ശ്രീ.പി.നന്ദകുമാർ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലുള്ള നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ടൈറ്റാനിയം ലോഹം ഉൾപ്പെടുന്ന ടൈറ്റാനിയം മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഒരു 'കോംപ്ലക്സ്' സ്ഥാപിക്കുന്ന കാര്യം സർക്കാർ ആലോചിച്ചുവരുന്നു.

കെൽ, കേരള ആട്ടോമൊബൈൽസ്, BHEL-EML Ltd എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഇലക്ട്രിക് വാഹനങ്ങളുടെ നിർമ്മാണത്തിന്റെ സാധ്യതയും പരിശോധിക്കുന്നതാണ്. ഇലക്ട്രോണിക് ഹാർഡ് വെയർ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന പദ്ധതി കെൽട്രോണിന്റെ

| | |
|---|---|
| | നവീകരണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്നതാണ്.<br>ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിന്റെ പ്രധാന അസംസ്കൃത വസ്തുവായ വൈദ്യുതി കൂടുതൽ ലാഭകരമായി "ഓപ്പൺ അക്സസ്" സംവിധാനത്തിൽ ലഭ്യമാക്കിയതിലൂടെ കമ്പനിയ്ക്ക് സ്ഥായിയായ ലാഭം കൈവരികയും, വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ പ്രാപ്തമാക്കുകയും ചെയ്തു.<br>കേരളാ സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ പുനഃസംഘടനയുടെ ഭാഗമായി സ്ഥാപനത്തെ മത്സരക്ഷമതയുള്ളതാക്കുന്നതിനായി ധനകാര്യ സ്ഥിതി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 31.03.2016 വരെയുള്ള കാലയളവിൽ കമ്പനി സർക്കാരിന് നൽകേണ്ട വായ്പാകുടിശ്ശികയും പലിശയും ഉൾപ്പെടെയുള്ള 121.66 കോടി രൂപ ഓഹരി മൂലധനമാക്കി മാറ്റുന്നതിനും സഞ്ചിത നഷ്ടമായ 101.78 കോടി രൂപ എഴുതിത്തള്ളുന്നതിനും അനുമതി നൽകിയിട്ടുണ്ട്. |
| സി) കഴിഞ്ഞ വർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി വകയിരുത്തിയിരുന്ന സാമ്പത്തിക സഹായം എത്രയായിരുന്നെന്ന് അറിയിക്കാമോ? | സി) 2017-18 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലുള്ള പദ്ധതി വിഹിതം 270 കോടി രൂപയായിരുന്നു. പ്രസ്തുത വർഷം അധിക ധനസഹായമായി 17.5 കോടി രൂപയും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ